## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ- 546 07/07/2014-ലെ മറുപടിയ്ക്ക്

## രാഷ്ട്രീയ കൃഷി വികാസ് യോജനയും ജൈവ ബസാറുകളും

**ചോദ്യം**

ശ്രീ.അൻവർ സാദത്ത്
ശ്രീ. വി.പി. സജീന്ദ്രൻ
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.സി.പി. മുഹമ്മദ്

**ഉത്തരം**

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

എ) കാർഷിക അനുബന്ധ മേഖലകളിൽ 4% വളർച്ചാ നിരക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് രാഷ്ട്രീയ കൃഷി വികാസ് യോജന. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

i. കാർഷിക അനുബന്ധ മേഖലകളിലെ പൊതുമൂലധന നിക്ഷേപം വർദ്ധിപ്പിക്കുക

ii. സംസ്ഥാന കാർഷിക പദ്ധതികളിൽ പ്രാദേശിക ആവശ്യകത/വിള/മുൻഗണനകൾ എന്നിവ ഫലപ്രദമായി പ്രതിഫലിക്കുന്നത് ഉറപ്പുവരുത്തുക.

iii. പ്രധാന വിളകളുടെ ഉല്പാദനക്കുറവ് പരിഹരിക്കുന്നതിന് വേണ്ടിയുള്ള ലക്ഷ്യം കൈവരിക്കൽ.

iv. കാർഷിക അനുബന്ധ മേഖലകളിലെ കർഷകർക്ക് പരമാവധി വരുമാനം ഉറപ്പുവരുത്തുക

v. കാർഷിക അനുബന്ധ മേഖലകളിലെ ഉൽപാദനത്തിലും ഉല്പാദനക്ഷമതയിലും വർദ്ധനവ് ഉറപ്പുവരുത്തുക

vi. ജില്ലാ കാർഷിക പദ്ധതിയും സംസ്ഥാന കാർഷിക പദ്ധതിയും പ്രകൃതി വിഭവങ്ങളുടെയും സാങ്കേതിക വിദ്യയുടെയും ലഭ്യതയ്ക്ക് അനുസൃതമായി തയ്യാറാക്കുക.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതിയനുസരിച്ച് സബ്സിഡിയോടെ ജനശ്രീയുടെ ആഭിമുഖ്യത്തിൽ ജൈവ ബസാറുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ബി) | സംസ്ഥാനത്ത് കോഴിക്കോട് (3) കണ്ണൂർ (1) എന്നീ ജില്ലകളിലായി 4 ജൈവശ്രീ ബസാറുകൾ ആരംഭിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) | ജനശ്രീ മിഷനിൽ അംഗങ്ങളായ കർഷകരുടെ കാർഷിക ഉല്പന്നങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്നതിനായി പ്രാദേശിക മാർക്കറ്റിംഗ് കിയോസ്ക്കുകൾ (ജൈവശ്രീ ബസാർ) ആരംഭിക്കുന്നതിനാണ് ധനസഹായം നൽകുന്നത്. പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനാവശ്യമായ റാക്കുകൾ, മേശകൾ, വെയിംഗ് മെഷീൻ, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവ കേടുകൂടാതെ സൂക്ഷിക്കുവാനായി ഡീപ്പ് ഫ്രീസർ എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഓരോ ജൈവ ബസാറിനും രണ്ട് ലക്ഷം രൂപ വീതമാണ് ധനസഹായം നൽകുന്നത്. |

സെക്ഷൻ ഓഫീസർ